# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2380 08.05.2017 -ൽ മറുപടിക്ക്

### സ്കൂളുകളിൽ മലയാള പഠനം നിർബന്ധമാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.റോജി എം.ജോൺ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ഹൈബി ഈഡൻ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ | അടുത്ത അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധ പാഠ്യ വിഷയമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ | 2017-18 അധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധിത പാഠ്യ ഭാഷയാക്കി നിശ്ചയിച്ച് 10.04.2017 ന് 705-ാം നമ്പരായി ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. ഇതു സംബന്ധിച്ച ബിൽ -2017 ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ- 28.04.2017 ന് നിയമ സഭയിൽ അവതരിപ്പിക്കുകയും അത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. 2017-18 അധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപന ങ്ങളിലും 1 മുതൽ 10 വരെ ക്ലാസ്സുകളിൽ മലയാള ഭാഷ പഠിപ്പിക്കുന്നത് നിർബന്ധമാക്കുക, സ്കൂളുകളിൽ മലയാളം സംസാരിക്കു ന്നതിന് പ്രത്യക്ഷമായോ പരോക്ഷ മായോ നിരോധനം ഏർപ്പെടുത്തു ന്നത് വിലക്കുക, സി.ബി.എസ്.ഇ, |

| | | | |
|---|---|---|---|
| | | | ഐ.സി.എസ്.ഇ തുടങ്ങിയ ബോർഡുകൾക്ക കീഴിലുള്ള വിദ്യാലയങ്ങൾക്ക് നിരാക്ഷേപ പത്രം നൽകുമ്പോഴും അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുമ്പോഴും മലയാള ഭാഷാ പഠനം നിർബന്ധമാക്കുന്ന വ്യവസ്ഥകൾ വയ്ക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളാണ് ഈ ബില്ലിനുള്ളത്. മേൽ വ്യവസ്ഥകൾ ലംഘിക്കുന്ന പ്രഥമാധ്യാപകർക്ക് പിഴ ശിക്ഷ ചുമത്താനും, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾക്ക് നൽകിയിട്ടുള്ള നിരാക്ഷേപ പത്രം പിൻവലിക്കാനും, അൺ എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം പിൻവലിക്കാനുമുള്ള വ്യവസ്ഥകൾ ബില്ലിൽ ചേർത്തിട്ടുണ്ട്. |
| **ബി** | ഇതിനായി മലയാളം അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിക്കേണ്ട സാഹചര്യമുണ്ടാകുമോ? | **ബി** | പൂർണ്ണ കന്നട മീഡിയം, തമിഴ് മീഡിയം സ്കൂളുകളിലും ഓറിയന്റൽ അറബി/സംസ്കൃതം സ്കൂളുകളിലും മലയാള പഠനത്തിനായി തസ്തികകൾ സൃഷ്ടിക്കേണ്ടതായി വരും. |
| സി | മലയാളം പഠിപ്പിക്കാത്ത സ്കൂളുകളുടെ അംഗീകാരം റദ്ദാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി | ബില്ലിലെ വ്യവസ്ഥകൾ ലംഘിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം റദ്ദാക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| ഡി | ഭാഷാ ന്യൂനപക്ഷങ്ങളുള്ള സംസ്ഥാന അതിർത്തികളിലെ സ്കൂളുകളിലും മലയാള പഠനം നിർബന്ധമാക്കിയിട്ടുണ്ടോ; | ഡി | ഭാഷാ ന്യൂനപക്ഷ സ്കൂളുകൾ ഉൾപ്പെടെയുള്ള മുഴുവൻ സ്കൂളുകളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കാനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. |
| ഇ | സ്കൂളുകളിൽ മലയാളം സംസാരിക്കുന്നത് പ്രത്യക്ഷമായോ പരോക്ഷമായോ വിലക്കുന്ന സ്കൂളുകൾക്കെതിരെ എന്ത് നടപടി കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്; | | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെട്ടു |

| | | | |
|---|---|---|---|
| | | | ത്തരുതെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മലയാള ഭാഷ സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിക്കൊണ്ടോ മറ്റേതെങ്കിലും ഭാഷ മാത്രമേ സംസാരിക്കാവൂ എന്ന നിർദ്ദേശിച്ചുകൊണ്ടോ ഉള്ള ബോർഡുകളോ നോട്ടീസുകളോ മറ്റേതെങ്കിലും തരത്തിലുള്ള പ്രചാരണങ്ങളോ വിദ്യാലയങ്ങളിൽ നടത്താൻ പാടില്ലെന്നും ബില്ലിൽ വ്യവസ്ഥയുണ്ട്. ആക്ടിലേയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ ലംഘിക്കുന്ന വിദ്യാലയങ്ങളിൽ പ്രഥമാധ്യാപകർക്ക് 5000/- രൂപ പിഴ ശിക്ഷ നൽകി ശിക്ഷിക്കുന്നതാണ്. അപ്രകാരമുള്ള 3 ലംഘനങ്ങളുണ്ടാകുന്ന പക്ഷം അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ സംഗതിയിൽ പ്രസ്തുത വിദ്യാലയത്തിന്റെ അംഗീകാരം റദ്ദാക്കുന്നതും സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ ബോർഡുകൾക്ക് കീഴിലുള്ള വിദ്യാലയങ്ങളുടെ സംഗതിയിൽ, അപ്രകാരമുള്ള വിദ്യാലയങ്ങൾക്കു നൽകിയിട്ടുള്ള നിരാക്ഷേപ പത്രം നിർണ്ണയിക്കാവുന്ന രീതിയിൽ റദ്ദാക്കുകയും ചെയ്യുമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ